# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4009 | | 16.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സാമൂഹ്യ പെൻഷൻ ലഭിക്കാത്ത പ്രശ്നം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ബി.ഡി. ദേവസ്സി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | നേരത്തെ സാമൂഹ്യ പെൻഷൻ ലഭിച്ചു വന്ന നിരവധി പേർക്ക് പല സാങ്കേതിക കാരണങ്ങളാൽ അനുവദിക്കപ്പെട്ട പെൻഷനുകൾ ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സോഫ്റ്റ് വെയർ തകരാറു മൂലമോ ഓപ്പൺ ചെയ്യാത്തതു മൂലമോ അപേക്ഷകളിൽ തിരുത്തൽ വരുത്തുന്നതിനോ ആവശ്യമായ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിനോ സാധിക്കാത്തതു മൂലം നിരവധിയാളുകൾക്ക് പെൻഷൻ ഇനിയും ലഭിക്കാത്ത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | വിവിധ കാരണങ്ങളാൽ പെൻഷൻ വിവരങ്ങൾ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യാൻ യഥാസമയം കഴിയാതിരുന്നവരുടെ വിവരങ്ങൾ നൽകുന്നതിന് വെബ്സൈറ്റ് തുറന്ന് നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരക്കാരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും 2017 മെയ് മാസം 10 മുതൽ 25 വരെ തീയതികളിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ